I ഇ.ബി. XIV - കേരള നിയമസഭ/II-20

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 നവംബർ 1, ചൊവ്വ

കേരളപ്പിറവിയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ചുള്ള

പ്രത്യേക സമ്മേളനം

നിയമസഭ രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ചേർന്നു.

### കേരളപ്പിറവിയുടെ അറുപതാം വാർഷികം

മി. സ്പീക്കർ: കേരളപ്പിറവിയുടെ അറുപതാം വാർഷികമാണിന്ന്. സാമൂഹ്യമുന്നേറ്റ ചരിത്രത്തിൽ നിർണ്ണായക പങ്കുവഹിച്ച സഭയാണ് കേരള നിയമനിർമ്മാണസഭ. വിപ്ലവകരമായ നിരവധി നിയമനിർമ്മാണങ്ങളിലൂടെ

വിസ്മയാവഹമായ പ്രവർത്തനങ്ങൾക്ക് മുൻകയ്യെടുത്ത പാരമ്പര്യമുള്ള സഭയാണ് നമ്മുടേത്. ജാത്യാതീതവും മതാതീതവുമായ ജനകീയതയിലധിഷ്ഠിതമായ രാഷ്ട്രീയ സംസ്കൃതിയുള്ള സംസ്ഥാനമാണ് കേരളം. നവോത്ഥാനം, ദേശീയ പ്രസ്ഥാനം, കർഷകത്തൊഴിലാളി പ്രസ്ഥാനം എന്നിങ്ങനെ വിവിധ ധാരകളിലൂടെ വളർന്നുവന്ന ജനപക്ഷരാഷ്ട്രീയമാണ് കേരളത്തെ പുരോഗമനോന്മുഖമായി നിലനിർത്തിക്കൊണ്ടിരിക്കുന്നത്. 1921-ൽ ആരംഭിച്ച ഐക്യകേരള പ്രസ്ഥാനത്തിന് ആശയപരമായ അടിത്തറ നൽകിയ ഇ.എം.എസ്.-നെ ഈ സന്ദർഭത്തിൽ സ്മരിക്കുകയാണ്. കേരളത്തിന്റെ മുഖച്ഛായയും അടിത്തറയും മാറ്റിയെഴുതിയ നിരവധി നിയമനിർമ്മാണങ്ങൾക്ക് ആദ്യ സർക്കാർ നേതൃത്വം നൽകുകയുണ്ടായി. യാഥാസ്ഥിതിക കേരളത്തെ ആധുനിക കേരളമായി മാറ്റിയത് വിദ്യാഭ്യാസ നിയമവും ഭൂപരിഷ്കരണ നിയമവുമായിരുന്നു. 1956-ൽ പാർലമെന്റ് പാസ്സാക്കിയ സംസ്ഥാന പുന:സംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് 1956 നവംബർ 1-ന് ഭാഷാടിസ്ഥാനത്തിലുള്ള കേരള സംസ്ഥാനം രൂപംകൊണ്ടത്. 1957 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്ന പൊതുതെരഞ്ഞെടുപ്പിലൂടെ ഏപ്രിൽ 1-ാം തീയതി കേരള നിയമസഭ നിലവിൽ വരികയും ഏപ്രിൽ 5-ാം തീയതി ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള 11 അംഗ മന്ത്രിസഭ അധികാരമേൽക്കുകയും ചെയ്തു. കേരള നിയമസഭയുടെ പ്രഥമ സമ്മേളനം പ്രോട്ടെം സ്പീക്കർ റോസമ്മ

പുന്നൂസിന്റെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് മന്ദിരത്തിലെ അസംബ്ലി ഹാളിൽ ചേരുകയുണ്ടായി. ഇന്ത്യൻ നിയമനിർമ്മാണ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ എഴുതിച്ചേർത്ത നിരവധി നിയമങ്ങൾ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഒന്നാം കേരള നിയമസഭ തൊഴിലാളിക്ഷേമം മുൻനിർത്തിയുള്ള നിരവധി നിയമങ്ങളും രണ്ടാം കേരള നിയമസഭ ദിശാസൂചകമായ കേരള മിനിമം കൂലി നിയമവും പാസ്സാക്കി. മൂന്നാം കേരള നിയമസഭ 27 ഒറിജിനൽ നിയമങ്ങളും 58 ഭേദഗതി നിയമങ്ങളും 17 ധനവിനിയോഗ നിയമങ്ങളും ഉൾപ്പെടെ 102 നിയമങ്ങളും നാലാം കേരള നിയമസഭ 226 നിയമങ്ങളും പാസ്സാക്കി. സംസ്ഥാനത്തെ പാർശ്വവൽക്കരിക്കപ്പെട്ട വിവിധ വിഭാഗങ്ങളെ സംരക്ഷിക്കുന്ന നിരവധി നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് നാലാം കേരള നിയമസഭ നേതൃത്വം നൽകുകയുണ്ടായി. 5-ാം കേരള നിയമസഭ 87 നിയമങ്ങളും 6-ാം കേരള നിയമസഭ 47 നിയമങ്ങളും പാസ്സാക്കി. കേരള ചേരിപ്രദേശ പരിഷ്ക്കരണ നിർമ്മാർജ്ജന നിയമം പ്രാധാന്യമർഹിക്കുന്ന ഒരു നിയമനിർമ്മാണമായിരുന്നു. 7-ാം കേരള നിയമസഭ 118 നിയമങ്ങളും 8-ാം കേരള നിയമസഭ 129 നിയമങ്ങളും പാസ്സാക്കി. 1991-ലെ കേരള വനിതാ കമ്മീഷൻ നിയമം ചരിത്രപരമായ നിയമനിർമ്മാണമായിരുന്നു. 9-ാം കേരള നിയമസഭ 84 നിയമങ്ങൾ പാസ്സാക്കിയതിൽ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി

നിയമം, ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ സുപ്രധാനമായവയായിരുന്നു. 10-ാം കേരള നിയമസഭ 104 നിയമങ്ങളും 11-ാം കേരള നിയമസഭ 165 നിയമങ്ങളും 12-ാം കേരള നിയമസഭ 138 നിയമങ്ങളും പാസ്സാക്കി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് ചരിത്രപരമായ നിയമനിർമ്മാണമായിരുന്നു. 13-ാം കേരള നിയമസഭ 68 ബില്ലുകൾ പാസ്സാക്കിയതിൽ 2012-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം ഭരണസുതാര്യത ഉറപ്പുവരുത്താനുള്ള സുപ്രധാന കാൽവയ്പുകളിലൊന്നായിരുന്നു. 2013-ൽ പാസ്സാക്കിയ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല നിയമം ശ്രദ്ധേയമായ ഒന്നാണ്. ഭരണഘടനയുടെ സംരക്ഷണം ലഭിക്കേണ്ട പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കണ്ടെത്തി നിയമസംരക്ഷണത്തിന്റെ പരിധിയിൽ കൊണ്ടുവരികയെന്ന ദൗത്യം നിർവ്വഹിക്കപ്പെടുന്നുണ്ടോയെന്ന ആത്മവിമർശനം സഭ നടത്തേണ്ടതുണ്ടെന്ന് ചെയർ കരുതുന്നു. സർക്കാർ ഫയലുകളിൽനിന്നല്ല, ജനാഭിലാഷങ്ങളിൽനിന്നുകൂടി നിയമങ്ങൾ രൂപപ്പെടുത്തേണ്ടതിന് അവസരമൊരുക്കണം. നിയമനിർമ്മാണ പ്രക്രിയ സുതാര്യമാക്കുന്നതിന്റെ സാധ്യതകൾ ആരായണം. പതിനാലാം കേരള നിയമസഭ ശ്രദ്ധേയമായ നിയമനിർമ്മാണങ്ങൾ നടത്തുമെന്ന കാര്യം നിസ്തർക്കമാണ്. യാഥാർത്ഥ്യബോധത്തിലൂന്നിയ നിയമനിർമ്മാണങ്ങൾ നടത്തിയെന്ന ചരിത്രദൗത്യം പതിനാലാം കേരള നിയമസഭ നിർവ്വഹിക്കും. ഈ

ദിശയിൽ യോജിച്ച പ്രവർത്തനങ്ങളും സംവാദങ്ങളും ഉയർന്നുവരട്ടെയെന്ന് ആഗ്രഹിക്കുന്നു. എല്ലാവർക്കും ഐക്യകേരളപ്പിറവി ദിനാശംസകൾ നേരുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഐക്യകേരളത്തിന് 60 വയസ് തികയുന്ന ഈ ദിനത്തിൽ ചെയർ പറഞ്ഞ എല്ലാ കാര്യങ്ങളോടും പൂർണ്ണമായും യോജിക്കുകയാണ്. ഭരണപരമായി വിഘടിതമായിരുന്ന തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഒരുഭാഷ സംസാരിക്കുന്നവരുടെ നാട് എന്ന നിലയിൽ ഔപചാരികമായി ഒരുമിപ്പിച്ചതും ഐക്യകേരളം രൂപപ്പെട്ടതും 1956 നവംബർ 1-നാണ്. ജനങ്ങളുടെ ആഗ്രഹപ്രകാരമുള്ള സംയോജന ശ്രമങ്ങളുമായി മുമ്പോട്ടുപോകുമ്പോഴും സാങ്കേതികത്വത്തിലൂന്നിയുള്ള വിഘടനവാദങ്ങൾ ശക്തിപ്പെട്ടുവന്നിരുന്നുവെന്നത് ചരിത്രസത്യമാണ്. ഐക്യകേരളം രൂപപ്പെടുന്നതിനുള്ള ശ്രമങ്ങളിൽ തുടക്കം മുതലേ ചാഞ്ചല്യമില്ലാതെ പ്രവർത്തിച്ച പ്രസ്ഥാനത്തിന്റെ ഭാഗമായാണ് എന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചതെന്ന് വജ്രജൂബിലി ഘട്ടത്തിൽ അഭിമാനപൂർവ്വം ഓർക്കുകയാണ്. പി. കൃഷ്ണപിള്ളയെപ്പോലുള്ള നേതാക്കൾ വടക്കൻ മലബാറിലും എ.കെ.ജി., ഇ.എം.എസ്. തുടങ്ങിയ നേതാക്കൾ തിരുകൊച്ചിയിലും പ്രവർത്തിച്ചതുകൊണ്ട് പ്രവിശ്യാവേർതിരിവുകളില്ലാതെ ഐക്യകേരളമെന്ന സങ്കൽപ്പത്തിൽ ജനങ്ങളെ ഉറപ്പിച്ചുനിർത്താൻ സാധിച്ചു. ജാതി, ജന്മി, നാടുവാഴിത്ത വ്യവസ്ഥയും അതിനെ

സംരക്ഷിച്ചുനിർത്തുന്ന സാമ്രാജ്യ ആധിപത്യവുമായിരുന്നു കേരളത്തിൽ നിലനിന്നിരുന്നത്. കേരളം ഭ്രാന്താലയമാണെന്ന സ്വാമി വിവേകാനന്ദന്റെ പരാമർശം സമൂഹത്തിലുണ്ടാക്കിയ വിവേകവും ശ്രീനാരായണഗുരുവിന്റെ രംഗപ്രവേശവും ചട്ടമ്പിസ്വാമി, അയ്യാ വൈകുണ്ഠൻ, അയ്യങ്കാളി, വാഗ്ഭടാനന്ദൻ, വേലുക്കുട്ടി അരയൻ തുടങ്ങിയ നവോത്ഥാന നായകന്മാരുടെ പോരാട്ടവുംമൂലം നവോത്ഥാനത്തിന്റെ അതിശക്തമായ ധാര സൃഷ്ടിക്കാൻ സാധിച്ചു. ക്രിസ്ത്യൻ മിഷനറിമാർ വിദ്യാഭ്യാസം വ്യാപിപ്പിച്ചതും വൈക്കം, ഗുരുവായൂർ, പാലിയം സത്യാഗ്രഹങ്ങളും സമൂഹത്തിൽ വിവേകപൂർണ്ണമായ നവോത്ഥാനചൈതന്യം പടർത്തി. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനർനിർണ്ണയം സാധ്യമാക്കാൻ ത്യാഗപൂർവ്വം പ്രവർത്തിച്ചവർക്ക് ഭാവിയെക്കുറിച്ചുണ്ടായിരുന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചോയെന്ന് ആത്മപരിശോധന നടത്തേണ്ട സമയമാണിത്. കാർഷിക നിയമം, ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ നിയമം തുടങ്ങിയവയിലൂടെ കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ സാധിച്ചു. വിദ്യാഭ്യാസം, ആരോഗ്യപരിപാലനം തുടങ്ങിയ കാര്യങ്ങളിൽ കേരളം ഏറെ മുന്നോട്ടുപോയി. അടിസ്ഥാനഘടനാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് വികസനം സാധ്യമാക്കേണ്ടതും അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ചെറുക്കേണ്ടതും ജാതിവിവേചനം ശക്തമായി എതിർക്കപ്പെടേണ്ടതുമാണ്. അരുവിപ്പുറം പ്രതിഷ്ഠയുടെയും മലയാളി

മെമ്മോറിയലിന്റെയും ക്ഷേത്രപ്രവേശന സമരത്തിന്റെയും പൈതൃകം നിലനിർത്തിയാൽ മാത്രമേ സമഭാവനയിലധിഷ്ഠിതമായ സമൂഹത്തെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. വർഗ്ഗീയശക്തികൾക്കെതിരെ പോരാടിക്കൊണ്ട് മതനിരപേക്ഷതയുടെ മൂല്യങ്ങളെ പരിരക്ഷിക്കണം. ശ്രേഷ്ഠഭാഷയായ മലയാളത്തെ പൂർണ്ണമായി അധ്യയന ഭാഷയാക്കാനും ഭരണ ഭാഷയാക്കാനും കോടതി ഭാഷയാക്കാനും സാധിച്ചിട്ടില്ല. എല്ലാ ഡിഗ്രി കോഴ്സുകൾക്കും പി.എസ്.സി. പരീക്ഷകൾക്കും മാതൃഭാഷ നിർബന്ധമാക്കേണ്ടത് അത്യാവശ്യമാണ്. എല്ലാവർക്കും വജ്രജൂബിലി ആശംസകൾ നേരുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ജീവിതത്തിലെ അവിസ്മരണീയമായ ഒരു മുഹൂർത്തമാണിത്. ഐക്യകേരള സൃഷ്ടിക്കായി ശക്തമായ പോരാട്ടങ്ങൾ സംസ്ഥാനത്ത് നടന്നിട്ടുണ്ട്. 1921-ൽ ഒറ്റപ്പാലത്ത് നടന്ന കോൺഗ്രസ് സമ്മേളനത്തിലാണ് ഐക്യകേരളമെന്ന ആദ്യ പ്രമേയം പാസ്സാക്കിയത്. കെ.പി.സി.സി.-യുടെയും പ്രജാമണ്ഡലത്തിന്റെയും സ്റ്റേറ്റ് കോൺഗ്രസിന്റെയും നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമര പ്രക്ഷോഭങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്ക് ഉജ്ജ്വലമായ നേതൃത്വം കൊടുത്തിട്ടുള്ള പ്രസ്ഥാനമാണ്. മഹാത്മാഗാന്ധിയുടേയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെയും നേതൃത്വത്തിൽ ധീരമായ പോരാട്ടങ്ങൾക്ക് നേതൃത്വം

നൽകി ജീവൻ ബലിയർപ്പിച്ച ധീര രക്തസാക്ഷികൾക്ക് പ്രണാമമർപ്പിക്കുന്നു. പട്ടം താണുപിള്ള, ആർ. ശങ്കർ, അബ്ദുറഹിമാൻ സാഹിബ്, സി. കേശവൻ, ടി. എം. വർഗ്ഗീസ്, പനമ്പിള്ളി ഗോവിന്ദ മേനോൻ എന്നിവരുടെ നേതൃത്വത്തിൽ ഐക്യകേരളത്തിനായി നടന്ന പോരാട്ടങ്ങൾ വിസ്മരിക്കാനാവില്ല. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാനും ഭാഷാ സംസ്ഥാനം രൂപീകരിക്കാനും കേരളത്തിന് സാധിച്ചിട്ടുണ്ട്. ദീർഘകാലത്തെ പ്രക്ഷോഭങ്ങൾക്കും പോരാട്ടങ്ങൾക്കും ശേഷമാണ് ഐക്യകേരളം എന്ന സ്വപ്നം സാക്ഷാത്കരിച്ചത്. ആളോഹരി വരുമാനത്തിൽ അസൂയാവഹമായ പുരോഗതി കൈവരിക്കാൻ കേരളത്തിന് സാധിച്ചിട്ടുണ്ട്. ഒന്നു മുതൽ പതിനാലാം കേരള നിയമസഭവരെ 3137 ദിവസം സഭ സമ്മേളിക്കുകയും ധനവിനിയോഗ ബിൽ ഉൾപ്പെടെ 1594 നിയമങ്ങൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം, ശുചിത്വം, ആയുർദൈർഘ്യം എന്നീ കാര്യങ്ങളിൽ അസൂയാവഹമായ പുരോഗതിയാണ് കേരളം കൈവരിച്ചിട്ടുള്ളത്. സാമൂഹ്യപരിഷ്കർത്താക്കളുടെ തീഷ്ണമായ പ്രവർത്തനഫലമായാണ് ഇന്നത്തെ കേരളത്തിന് രൂപം നൽകാൻ സാധിച്ചത്. ദേശവിരുദ്ധ പ്രവർത്തനങ്ങൾക്കും വർഗ്ഗീയതയ്ക്കുമെതിരെ നിലകൊള്ളാനും രാഷ്ട്രീയ കൊലപാതകങ്ങൾ ഒഴിവാക്കാനും സ്വൈര്യജീവിതം നയിക്കാനുമുള്ള അന്തരീക്ഷമുണ്ടാക്കണം. 60 വർഷംകൊണ്ട് സാമൂഹ്യ സുരക്ഷയിലും

സേവനരംഗത്തും നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും കാർഷിക-വ്യാവസായിക രംഗങ്ങളിൽ കേരളം പിന്നിലാണ്. സംസ്ഥാനത്ത് തൊഴിലില്ലായ്മ നിലനിൽക്കുന്നുവെന്ന് പറയുമ്പോഴും അന്യസംസ്ഥാന തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നുണ്ടെന്ന കാര്യം വിസ്മരിക്കരുത്. സംസ്ഥാനത്തെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തി ടൂറിസം മേഖലയെ ശക്തിപ്പെടുത്തണം. ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ അവിസ്മരണീയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ചുകൊണ്ട് അഴിമതിരഹിതവും സുതാര്യവുമായ ഭരണം കാഴ്ചവയ്ക്കണം. പൊള്ളയായ വാഗ്ദാനങ്ങൾ നൽകാതെ നിത്യജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. പുതിയൊരു കേരളാ മോഡൽ സൃഷ്ടിക്കുവേണ്ടി ഒരുമിച്ച് പ്രവർത്തിക്കണം. നാനാതുറകളിലുമുള്ളവരുടെ ജീവിത ഭദ്രതയ്ക്കുതകുന്ന കർമ്മപരിപാടികൾക്ക് മുൻതൂക്കം നൽകണം. ഗുഡ് ഗവേണൻസിനായി കൂട്ടായ പരിശ്രമം നടത്തണം. ഒന്നു മുതൽ പതിനാലാം കേരള നിയമസഭവരെ പാസ്സാക്കിയിട്ടുള്ള വിവിധ മേഖലകളിലെ സുപ്രധാനമായ ബില്ലുകളെ സംബന്ധിച്ച് പഠനം നടത്താൻ നിയമസഭാ കമ്മിറ്റിയെ ചുമതലപ്പെടുത്താനും ഭാവിതലമുറയ്ക്കുവേണ്ടി ഒരു പഠന സംഹിത പ്രസിദ്ധീകരിക്കാനും ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): ഒട്ടനവധി ജനകീയ സമ്മർദ്ദങ്ങളുടെയും സമരങ്ങളുടെയും ഫലമായിട്ടാണ് 1956-ൽ ഐക്യകേരളം എന്ന സ്വപ്നം യാഥാർത്ഥ്യമായത്. 1956-ഓടുകൂടി തിരു-കൊച്ചിയും മദ്രാസും ചേർത്ത് ദക്ഷിണ സംസ്ഥാനമുണ്ടാക്കാൻ ദേശീയ-പ്രാദേശിക തലങ്ങളിൽ ശ്രമങ്ങൾ നടന്നു. ഐക്യ കേരള രൂപീകരണത്തിനായി ഏറ്റവും കൂടുതൽ സംഘടിത ശ്രമം നടത്തിയത് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. പുരോഗമന കലാ-സാഹിത്യ പ്രവർത്തകരും കേരള രൂപീകരണത്തിന് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. പുതിയ കേരളം പടുത്തുയർത്തുന്നതിന് 1954-ൽ സി. അച്യുതമേനോന്റെ നേതൃത്വത്തിൽ ഒരു രൂപരേഖ തയ്യാറാക്കുകയും 1956-ൽ അദ്ദേഹം 'കേരള സംസ്ഥാനം പ്രശ്നങ്ങളും സാധ്യതകളും' എന്ന ലഘുലേഖ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഭൂപരിഷ്കരണം, ആരോഗ്യം, വിദ്യാഭ്യാസം, വ്യവസായം, ന്യൂനപക്ഷ അവകാശ സംരക്ഷണം, മതനിരപേക്ഷത എന്നീ രംഗങ്ങളിൽ സമഗ്രമായ സംഭാവനകൾ നൽകി. ആധുനിക കേരളം വികസിപ്പിക്കുന്നതിന് പ്രധാന പങ്കുവഹിക്കാനും തൊഴിലാളികളോടും സാധാരണക്കാരോടുമുള്ള പ്രതിജ്ഞ നിറവേറ്റാനും ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ആദ്യ കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാരിനു സാധിച്ചു. വിമോചന സമരമെന്ന പേരിൽ ജാതി-മത ശക്തികളുമായി കൂട്ടുചേർന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി സർക്കാരിനെ അട്ടിമറിച്ചില്ലായിരുന്നുവെങ്കിൽ

മൗലികമായ ഒട്ടനവധി മാറ്റങ്ങൾക്ക് കേരളം സാക്ഷ്യം വഹിക്കുമായിരുന്നു. 1969 മുതൽ 1977 വരെ മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോന്റെ കാലഘട്ടത്തിൽ കേരളത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ സാധിച്ചു. അദ്ദേഹം കേരള മോഡൽ വികസനം സാധ്യമാക്കുന്നതിനായി വിവിധ മേഖലകളിലെ പ്രഗത്ഭരുടെ സേവനം പ്രയോജനപ്പെടുത്തുകയുണ്ടായി. 1970 ജനുവരി 1-ന് ജന്മിത്തം അവസാനിപ്പിച്ചുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിലൂടെ കർഷകർക്ക് കൃഷി ഭൂമി നൽകാൻ സാധിച്ചു. ആധുനിക കേരളം കെട്ടിപ്പടുക്കുന്നതിൽ പുരോഗമന-ജനാധിപത്യപ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലമാണ്. 60-ാം വാർഷികമാഘോഷിക്കുന്ന ഈ ഘട്ടത്തിൽ കേരളത്തിന് അവിസ്മരണീയ സംഭാവനകൾ നൽകിയവരെ അനുമോദിക്കുന്നതോടൊപ്പം പരേതരായ മഹാത്മാക്കളെ അനുസ്മരിക്കുകയും ചെയ്യുന്നു. സാക്ഷര കേരളം, ജനകീയാസൂത്രണം, സ്ത്രീശാക്തീകരണം തുടങ്ങിയ അഭിമാനാർഹമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കൈവരിച്ച നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. നാടിന്റെ പുരോഗതിക്കുവേണ്ടി ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവിഭാഗം ജനങ്ങളുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: ജന്മിത്ത-നാടുവാഴി സമ്പ്രദായങ്ങൾക്കും

ദാരിദ്ര്യത്തിനുമെതിരെ പോരാട്ടങ്ങൾ നടത്താനും അതിലൂടെ ഒട്ടേറേ നേട്ടങ്ങൾ കൈവരിക്കാനും കേരളത്തിന് സാധിച്ചു. അവശ-പിന്നോക്ക-ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനുമായി പ്രയത്നിക്കുകയും നേട്ടം കൈവരിക്കുകയും ചെയ്ത മഹാന്മാരുടെ അവസാന കണ്ണിയാകാൻ സാധിച്ചതിൽ അഭിമാനിക്കുന്നു. ഇന്ത്യയിലെ കോൺഗ്രസ്-കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഇപ്പോൾ കൈവരിച്ച നേട്ടങ്ങളിൽ സന്തോഷിക്കുന്നു. വർഗ്ഗീയതയിലേയ്ക്കും തീവ്രവാദത്തിലേയ്ക്കും പോകാതെ സെക്കുലർ കക്ഷികളോടൊപ്പം ചേർന്ന് സംസ്ഥാനത്തെ പടുത്തുയർത്തുന്നതിൽ മുഖ്യ പങ്കുവഹിക്കാൻ കഴിഞ്ഞതിൽ അഭിമാനംകൊള്ളുന്നു. നിയമസഭയുടെ പ്രവർത്തനം അധികസമയവും പ്രകടനാത്മകവും പ്രചരണാത്മകവുമായിത്തീരുന്ന രീതി ഒഴിവാക്കണം. കേരളപ്പിറവിയുടെ 60 വർഷം തികയുന്ന ഈ സന്ദർഭത്തിൽ സംസ്ഥാനം നേരിടുന്ന വരൾച്ച, കുടിവെള്ള ക്ഷാമം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ കാര്യങ്ങൾ ഗൗരവമായി കാണണം. ഗൾഫ് രാജ്യങ്ങളിൽ സ്വദേശവൽക്കരണം നടപ്പായിവരുന്ന സാഹചര്യത്തിൽ പ്രവാസി മലയാളികളുടെ കാര്യത്തിൽ ആവശ്യമായ ഇടപെടലുണ്ടാകണം.

<u>ശ്രീ. സി. കെ. നാണു</u>: കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് പാർട്ടി നേതാക്കളുടെ പ്രവർത്തന ഫലമായി വികസനപരമായ കാര്യങ്ങളിൽ ഇൻഡ്യയിലെ

മറ്റ് സംസ്ഥാനങ്ങളേക്കാളും മുന്നേറാൻ കേരളത്തിന് കഴിഞ്ഞു. കാർഷിക മേഖല, പരിസ്ഥിതി, വനം ഇവയെ സംരക്ഷിക്കുന്ന വിധത്തിലും വിദേശ മലയാളികൾക്ക് സഹായം നൽകുന്ന രീതിയിലും കേരളത്തെ രൂപപ്പെടുത്തണം. വർഗ്ഗീയ സംഘട്ടനം ഒഴിവാക്കുന്നതിനും മത സൗഹാർദ്ദം നിലനിർത്തുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനും മറ്റ് പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും ആനുകൂല്യങ്ങൾ നൽകുന്നതിനും അഴിമതിക്കെതിരെ പോരാടുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: കേരളത്തിന്റെ 60 വർഷങ്ങൾ ക്രിയാത്മകമായ മാറ്റത്തിന്റെയും സാമൂഹിക മുന്നേറ്റത്തിന്റെയും നാളുകളായിരുന്നു. ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഫലമായിട്ടാണ് രാജഭരണത്തിൽനിന്നും കോളനി സാമ്രാജ്യത്വത്തിൽനിന്നും ജനാധിപത്യത്തിലേയ്ക്ക് മാറാൻ സാധിച്ചത്. കാളവണ്ടി യുഗത്തിൽ നിന്നും മെട്രോ റെയിൽവരെ എത്തി നിൽക്കുന്ന വികസനത്തിന്റെ കുതിപ്പ് ഇന്ന് എല്ലാ രംഗത്തും കാണാവുന്നതാണ്. കേരളത്തിലെ സാമൂഹിക മാറ്റങ്ങൾക്ക് വഴിതെളിച്ച നവോത്ഥാന നായകന്മാരെ ഈ വേളയിൽ സ്മരിക്കുന്നു. സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ മണ്ഡലങ്ങളിൽ എന്നും കേരളം മാതൃകയായിരുന്നു. അത് നിലനിർത്താൻ ഇച്ഛാശക്തിയോടെ പ്രവർത്തിക്കേണ്ടതുണ്ട്. മലയാള ഭാഷയുടെ നന്മയെക്കുറിച്ച് പുതുതലമുറയിൽ അവബോധം സൃഷ്ടിക്കണം. സംസ്ഥാനത്തിന്റെ ഇതുവരെയുള്ള നേട്ടം നിലനിർത്തിക്കൊണ്ട് കൂടുതൽ

ഉയരങ്ങളിലേയ്ക്ക് എത്താൻ സാധിക്കണം.

<u>ശ്രീ. കെ. എം. മാണി</u>: സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജീവാർപ്പണം ചെയ്ത ധീരദേശാഭിമാനികളുടെ സ്മരണയ്ക്കുമുന്നിൽ കേരളപ്പിറവിയുടെ 60-ാം വാർഷികവേളയിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. 60 വർഷങ്ങൾക്കിടയിൽ വമ്പിച്ച നേട്ടങ്ങളാണ് കേരളത്തിന് കൈവരിക്കാൻ സാധിച്ചത്. മത മൗലികവാദത്തിനെതിരെ ജാഗ്രത പാലിക്കണം. രാഷ്ട്രീയ പ്രവർത്തനത്തിൽ മാന്യത വീണ്ടെടുക്കാനും സാമൂഹ്യ സേവന രംഗങ്ങളിൽ കൂടുതൽ പ്രവർത്തനം കാഴ്ചവയ്ക്കാനും കഴിയണം. ജീവിത മേൻമയിലും മനുഷ്യവിഭവശേഷിയിലും അഭിവൃദ്ധിയുണ്ടാക്കണം. വികസന സാധ്യതകളെ പ്രയോജനപ്പെടുത്തി കേരളത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u>: ഐക്യകേരളത്തിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ വേളയിൽ മലയാളികൾക്കെല്ലാം ഹൃദ്യമായ ആശംസകൾ നേരുന്നു. 1957 കാലഘട്ടത്തിൽ വൻ ജനകീയ സമരങ്ങൾ നടന്നപ്പോഴും അന്തസ്സാർന്ന നിയമസഭാ പ്രവർത്തനം നടത്താൻ അന്നത്തെ ഭരണ-പ്രതിപക്ഷങ്ങൾക്ക് കഴിഞ്ഞിരുന്നു. വികസനത്തിന്റെ

കാര്യത്തിൽ വർത്തമാനകാല യാഥാർത്ഥ്യവുമായി ബന്ധപ്പെട്ട നവീകരണമാണ് ആവശ്യമായിട്ടുള്ളത്. നവോത്ഥാന മൂല്യങ്ങളെ വർഗ്ഗീയതയുടെയും ജാതീയതയുടെയും പഴയ സംസ്കാരത്തിലേയ്ക്ക് കൊണ്ടുപോകാനുള്ള ശ്രമങ്ങൾക്കെതിരെ ജാഗ്രത പാലിക്കണം. അഭിമാനകരമായ പാരമ്പര്യത്തിന്റെ ഉന്നതിയിൽ നിൽക്കുമ്പോഴും കൈമോശംവന്നവയെ തിരിച്ചുപിടിക്കാനും നവകേരളത്തിന്റെ സൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാനും കഴിയണം. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടക്കുന്ന നവീകരണ പ്രവർത്തനങ്ങൾ കേരളത്തിന് വരുംകാലങ്ങളിലും അഭിമാനിക്കാൻ കഴിയുന്നതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ നടത്തിയ അഭിപ്രായ പ്രകടനങ്ങളോട് യോജിക്കുന്നു. പല ചരിത്ര നിയമനിർമ്മാണങ്ങൾക്കും സാക്ഷിയായ സഭയാണ് കേരള നിയമസഭ. ഭാഷാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കേരളത്തിൽ വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ വൻനേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. സാധാരണക്കാരന് ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ മുൻതൂക്കം നൽകുന്ന നിലപാടുകൾ സ്വീകരിക്കണം. വർഗ്ഗീയതയും ഫാസിസവും അഴിമതിയും നിർമ്മാർജ്ജനം

ചെയ്യാൻ ഭരണകൂടം തയ്യാറാകണം. ഭരണ സംവിധാനത്തിൽ സമഗ്രമായ മാറ്റമുണ്ടാക്കണം. ഭരണ സിരാകേന്ദ്രത്തിലൂൾപ്പെടെ ഫയൽ സംവിധാനം അവസാനിപ്പിച്ച് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ സാധിക്കണം. അഴിമതി ഇല്ലാതാക്കണം. എല്ലാവർക്കും കേരളപ്പിറവിയുടെ 60-ാം വാർഷികാഘോഷ വേളയിൽ ആശംസകൾ നേരുന്നു.

ശ്രീ. ഒ. രാജഗോപാൽ: വ്യത്യസ്ത മതവിഭാഗങ്ങൾ അധിവസിക്കുന്ന കേരളത്തിൽ മതത്തിനും ജാതിക്കും അതീതമായി ധർമ്മത്തിൽ ഊന്നിനിൽക്കുന്ന സംസ്കാരം നിലനിർത്തണം. എല്ലാ വിഭാഗങ്ങൾക്കും സംരക്ഷണവും തുല്യനീതിയും ഉറപ്പാക്കണം. കേരളത്തിലെ രാഷ്ട്രീയ സംഘർഷങ്ങൾക്ക് അറുതി വരുത്തുന്നതിനായി ചിന്താഗതിയിലും പ്രവർത്തന ശൈലിയിലും മാറ്റംവരുത്തി സഹകരണത്തിന്റെയും കൂട്ടായ്മയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും രാഷ്ട്രീയ ശൈലി വളർത്തിയെടുക്കാൻ ശ്രമിക്കണം. എല്ലാവർക്കും കേരളപ്പിറവിയുടെ 60-ാം വർഷത്തിൽ ആശംസകൾ നേരുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : കേരളപ്പിറവിയുടെ 60-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ നിയമസഭയുടെ ആന്തരികവും ബാഹ്യവുമായ കരുത്തും ചൈതന്യവും ശക്തിപ്പെടുത്തുന്നതിനുള്ള ആലോചനകൾ നടത്തേണ്ടതായിട്ടുണ്ട്. ഐക്യ

കേരളത്തിന്റെ രൂപീകരണത്തിനുവേണ്ടി പ്രവർത്തിച്ചവരെയും ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനായി രക്തസാക്ഷിത്വം വഹിച്ചവരെയും ഈ അവസരത്തിൽ അനുസ്മരിക്കുന്നു.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: ഐക്യകേരളം രൂപം കൊണ്ടിട്ട് ഇന്ന് 60 വർഷം തികയുകയാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകിയതും സാർവ്വത്രിക വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും നടപ്പാക്കിയതും കേരളത്തെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വേറിട്ട് നിർത്തുന്ന ഘടകങ്ങളാണ്. സംസ്ഥാനത്ത് ജാതി-മത വിഭാഗീയചിന്ത അപകടകരമാംവിധം വളർന്നുവരുന്നത് ഗൗരവമായി കാണേണ്ട സമയമാണിത്. സമസ്തമേഖലകളിലും ആധുനികവൽകരണം കടന്നുവരുന്നതിന്റെ ഫലമായുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം, സാമൂഹ്യബന്ധങ്ങളുടെ തകർച്ച എന്നിവയ്ക്ക് മാറ്റമുണ്ടാകണം. ഒരു നവ കേരള സൃഷ്ടി എന്ന കാഴ്ചപ്പാടിലെത്തിച്ചേരാൻ നമുക്ക് സാധിക്കണം. എല്ലാവർക്കും കേരളപ്പിറവിയുടെ 60-ാം വാർഷികത്തിൽ ആശംസകൾ നേരുന്നു.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u> : ഐക്യകേരളം രൂപം കൊണ്ടിട്ട് 60 വർഷം തികയുമ്പോൾ കേരള ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലുകൂടി പിന്നിടുകയാണ്. എല്ലാവർക്കും ഭൂമി, സാർവ്വത്രിക വിദ്യാഭ്യാസം എന്നിവ നടപ്പാക്കിയതിലൂടെ സാമൂഹ്യ ജീവിതത്തിന്റെ സർവ്വ മേഖലകളിലും പുതിയൊരു ഉണർവ്വുണ്ടാക്കാൻ

സാധിച്ചിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത നേടാനും അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും നടപ്പാക്കാനും കഴിഞ്ഞതിലൂടെ പ്രാദേശിക വികസനത്തിന് പുതിയ സാധ്യതകൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. 44 നദികളാൽ സമൃദ്ധമായിരുന്ന കേരളം ഇന്ന് വരൾച്ച നേരിടുന്ന സാഹചര്യം പരിശോധിക്കണം. മാധ്യമങ്ങൾക്ക് കോടതികളിലേർപ്പെടുത്തിയിരിക്കുന്ന വിലക്ക് മാറ്റുന്നതിന് ചീഫ് ജസ്റ്റിസ് ഉൾപ്പെടെയുള്ള ന്യായാധിപന്മാർ ഇടപെടണം. കേരളത്തിലെ ജാതി-മത സൗഹാർദ്ദം തകർക്കുന്ന ശക്തികളെ തിരിച്ചറിഞ്ഞ് ശക്തമായ നിലപാട് സ്വീകരിക്കാൻ ജാഗ്രത പാലിക്കണം. സംസ്ഥാനത്ത് നിലവിലുള്ള പ്രശ്നങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യുന്നതിന് ശേഷിയുള്ള സർക്കാരാണ് കേരളം ഭരിക്കുന്നതെന്നത് പ്രതീക്ഷ ഉളവാക്കുന്ന കാര്യമാണ്. കേരളപ്പിറവിയുടെ വജ്ര ജൂബിലി ആഘോഷങ്ങൾക്കും അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്കും സർവ്വവിധ വിജയവും ആശംസിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: കേരളപ്പിറവിയുടെ അറുപതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് ചുക്കാൻപിടിച്ച സാരഥികളെ നന്ദിയോടെ സ്മരിക്കുന്നു. സമുദായ സൗഹാർദ്ദവും പുരോഗമന ആശയങ്ങളോടുള്ള ആഭിമുഖ്യവും പൊതുവിദ്യാഭ്യാസ രംഗത്തും ആരോഗ്യ മേഖലയിലും കൈവരിച്ച നേട്ടങ്ങളുമെല്ലാം സംസ്ഥാനത്തിന്റെ തുടർ

വികസനത്തിന് ആത്മവിശ്വാസമായി മാറേണ്ടതാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതോടൊപ്പം ടൂറിസം രംഗത്തെ അനന്തമായ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. ഐ.ടി., ഉന്നത വിദ്യാഭ്യാസം, ആയുർവ്വേദം ഉൾപ്പെടെയുള്ള മേഖലകളിൽ വൻമുന്നേറ്റമുണ്ടാകണം. കേരളത്തിന്റെ സമഗ്ര വികസനത്തിന് പ്രവാസി മലയാളികൾ വഹിച്ച പങ്ക് വിസ്മരിക്കാൻ സാധിക്കുന്നതല്ല. സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ട് വരുംകാലങ്ങളിലും വികസന കാര്യങ്ങളിൽ ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

<u>മി. സ്പീക്കർ</u>: കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷത്തിന് തുടക്കം കുറിച്ചുകൊണ്ടുള്ള സഭാസമ്മേളനത്തിൽ കക്ഷിനേതാക്കളെല്ലാം പ്രകടിപ്പിച്ച വിലയേറിയ അഭിപ്രായപ്രകടനങ്ങൾക്ക് നന്ദി അറിയിക്കുന്നു. സഭ പിരിഞ്ഞതിനുശേഷമുള്ള പൊതുസമ്മേളനത്തിൽ മുഴുവൻ സാമാജികരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ രാവിലെ 10.41-ന് പിരിഞ്ഞു.)

* * * * * * * * * *